# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1342** — **06/03/2018-ൽ മറുപടിയ്ക്ക്**

## ലൈഫ് പദ്ധതി

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ്<br>,, മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര വീടുകൾ പൂർത്തീകരിച്ചു; എത്ര ഗുണഭോക്താക്കൾക്ക് ആദ്യ ഘട്ടത്തിൽ വിതരണം ചെയ്തു എന്ന് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) | ലൈഫ് മിഷൻ ആദ്യഘട്ടത്തിൽ പൂർത്തീകരിക്കുവാനുള്ള 66750 വീടുകൾ 31.03.2018 -ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിൽ സംസ്ഥാനത്ത് ആകെ 9448 ഭവനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കിയുള്ള ഭവനങ്ങളുടെ നിർമ്മാണം അതിവേഗം പുരോഗമിച്ചുവരികയാണ്. 51589 ഗുണഭോക്താക്കൾക്ക് നിർമ്മാണത്തിനായുള്ള ആദ്യഗഡു അഡ്വാൻസായി നൽകി കഴിഞ്ഞു. ജില്ലാ അടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ലൈഫ് പദ്ധതിയിൽ ഓരോ ജില്ലയിലും കളക്ടർമാർ മുഖേന അപേക്ഷകൾ സ്വീകരിച്ചതിൽ എത്രയെണ്ണം തീർപ്പാക്കി; തീർപ്പാക്കിയത് സംബന്ധിച്ചും, തീർപ്പാക്കാത്തതിന്റെ കാരണം ചൂണ്ടിക്കാട്ടിയും അപേക്ഷകർക്ക് മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | കളക്ടർമാർ മുഖേന സ്വീകരിച്ച അപേക്ഷയിൽ 23663 പേർ അർഹരാണ് എന്ന് കണ്ടെത്തിയതിനെ തുടർന്ന് ഗുണഭോക്തൃ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സമയപരിധിക്കുള്ളിൽ തന്നെ എല്ലാ അപേക്ഷകളും തീർപ്പാക്കുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പദ്ധതിക്കാവശ്യമായ തുക സംബന്ധിച്ചുള്ള അനിശ്ചിതത്വം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും 20% തുക മിഷൻ പ്രവർത്തനത്തിന് നീക്കി വയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബാക്കി ആവശ്യമുള്ളതുക വായ്പയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

(അനുബന്ധം )

**ഗുണഭോക്താക്കൾക്ക് നിർമ്മാണത്തിനായുള്ള ആദ്യഗഡു അഡ്വാൻസായി നൽകിയതിന്റെ ലിസ്റ്റ്**

| | | |
|---|---|---|
| തിരുവനന്തപുരം | - | 3918 |
| കൊല്ലം | - | 4260- |
| പത്തനംതിട്ട | - | 1396 |
| ആലപ്പുഴ | - | 3016 |
| കോട്ടയം | - | 1618 |
| ഇടുക്കി | - | 4023 |
| എറണാകുളം | - | 1206 |
| തൃശൂർ | - | 4053 |
| പാലക്കാട് | - | 6680 |
| മലപ്പുറം | - | 2985 |
| കോഴിക്കോട് | - | 6618 |
| വയനാട് | - | 6348 |
| കണ്ണൂർ | - | 2760 |
| കാസർഗോഡ് | - | 2708 |
| | | 51589 |

സെക്ഷൻ ഓഫീസർ

5/3/18